സമർപ്പിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള ഉപഭോക്താക്കൾക്ക് തുടർന്നും പഴയ നിരക്കിൽ തന്നെ മീറ്റർ വാടക ഉടനാനും വൈദ്യുതി ബോർഡ് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നിലവിലുള്ള ഉപഭോക്താക്കൾക്ക് പുതിയതായി മീറ്റർ മാറ്റി സ്ഥാപിക്കേണ്ടിവരുന്ന പക്ഷം പുതിയ മീറ്ററുകൾക്ക് പുതിയ നിരക്കിൽ മീറ്റർ വാടക നൽകണമെന്ന് കമ്മീഷൻ മുമ്പാകെ ബോർഡ് നിർദ്ദേശിച്ചിട്ടുണ്ട്. ഇതുകൂടാതെ ഉപഭോക്താക്കൾ സ്വന്തം നിലയിൽ മീറ്റർ വാങ്ങിവയ്ക്കുകയാണെങ്കിൽ ടി ഉപഭോക്താക്കളെ മീറ്റർ വാങ്ങി വയ്ക്കുന്ന തീയതി മുതൽ മീറ്റർ വാടകയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കുന്നതാണ്. ഉപഭോക്താക്കൾ സ്വന്തമായി മീറ്റർ വാങ്ങുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി വൈദ്യുതി ബോർഡ് മൊത്തമായി മീറ്റർ വാങ്ങി ടെസ്റ്റ് ചെയ്ത് ബോർഡിന്റെ തെരഞ്ഞെടുത്ത ഓഫീസുകളിൽ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു.

വൈദ്യുതി ചോർച്ച തടയുന്നതിനുള്ള നടപടി

27 (7863) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ചോർച്ച തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരം ചോർച്ചകൾ നിയന്ത്രിക്കുന്നതിന് പുതുതായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ടെക്നിക്കൽ ലോസ്സ് കുറയ്ക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ ബോർഡ് കാലാകാലങ്ങളിലായി നടപ്പിലാക്കിവരുന്നു.

1. എച്ച്.ടി.ലൈനുകളും എൽ.ടി. ലൈനുകളും തമ്മിലുള്ള അനുപാതം ഘട്ടംഘട്ടമായി മെച്ചപ്പെടുത്തുക.
2. 11 കെ.വി., 33 കെ.വി. ശൃംഖലകൾ കൂടുതൽ ശക്തിപ്പെടുത്തുക.
3. കൂടുതൽ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
4. കൂടുതൽ സബ്സ്റ്റേഷനുകളും പ്രസരണ ലൈനുകളും സ്ഥാപിക്കുക.
5. എൽ.ടി. ലൈനിലും എച്ച്.ടി. ലൈനിലുമുള്ള പഴയ കണ്ടക്ടറുകൾ മാറ്റി മെച്ചപ്പെട്ട ശേഷിയുള്ള പുതിയ കണ്ടക്ടറുകൾ മാറ്റി സ്ഥാപിക്കുക.
6. സിസ്റ്റം പവർ ഫാക്ടർ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

കൊമേഴ്സിയൽ ലോസ്സ് കുറയ്ക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നു.

- കേടായ എനർജി മീറ്ററുകളും ഇലക്ട്രോമെക്കാനിക്കൽ മീറ്ററുകളും മാറ്റി പുതിയ ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുക.
- ബോർഡിലെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക.
- ഉപഭോക്താക്കൾക്ക് ബില്ലുകൾ നൽകുന്നതും റവന്യൂകളക്ഷനും പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുക.
- എനർജി ആഡിറ്റ് (ഫീൽഡ് തലത്തിലും ട്രാൻസ്ഫോർമർ തലത്തിലും) കൂടുതൽ വ്യാപകമാക്കുക.

(ബി) പ്രസരണ വിതരണ നഷ്ടം 16.09 ശതമാനത്തിൽനിന്നും 15 ശതമാനമായി കുറച്ചു. 2011-12 മുതൽ 2012-13 വരെയുള്ള കാലയളവിൽ പ്രസരണ വിതരണ നഷ്ടം കുറയ്ക്കുവാനായി 171.87 സർക്യൂട്ട് കിലോമീറ്ററോളം ഇ.എച്ച്.റ്റി. ലൈനുകളും 21 സബ്സ്റ്റേഷനും 4151 സർക്യൂട്ട് കിലോമീറ്റർ എച്ച്.റ്റി. ലൈനുകളും 7155 സർക്യൂട്ട് കിലോമീറ്റർ എൽ.റ്റി. ലൈനുകളും 7018 വിതരണ ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചിട്ടുണ്ട്. 2011-12 മുതൽ 2012-13 വരെയുള്ള കാലയളവിൽ വൈദ്യുതി ബോർഡ് 12.66 ദശലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 2011-12 മുതൽ 2013 ഡിസംബർ വരെയുള്ള കാലയളവിൽ ഏകദേശം 38.65 കോടിയോളം രൂപ വൈദ്യുതി മോഷണം നടത്തിയ വകയിൽനിന്നും പിഴയായി എ.പി.റ്റി.എസ്. വസൂലാക്കിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം വൈദ്യുതി പ്രസരണ വിതരണ നഷ്ടം 14.7 ശതമാനത്തിലേയ്ക്ക് എത്തിക്കുന്നതിനായി 22 പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും 340 സർക്യൂട്ട് കിലോമീറ്ററോളം പുതിയ പ്രസരണ ലൈനുകളും 3000 സർക്യൂട്ട് കിലോമീറ്ററോളം എച്ച്.റ്റി. ലൈനുകളും 4000 വിതരണ ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുന്നതിനും കൂടാതെ 10.5 ലക്ഷം കേടായ മീറ്ററുകളും മാറ്റി സ്ഥാപിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. ചോർച്ച നിയന്ത്രിക്കുന്നതിന് സഹായകമായി നടത്തുന്ന പരിശോധനകളുടെ കൃത്യതയ്ക്കായി അത്യാധുനികമായ എച്ച്.റ്റി. സ്റ്റാൻഡേർഡ് റഫറൻസ് മീറ്റർ, എൽ.റ്റി. സ്റ്റാൻഡേർഡ് റഫറൻസ് മീറ്റർ, പ്രൈമറി കറണ്ട് ഇൻജക്ഷൻ കിറ്റ് തുടങ്ങിയ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ 13 സ്ക്വാഡുകളും വൈദ്യുത ചോർച്ച തടയുന്നതിലേയ്ക്കായി എല്ലാമാസവും പ്രത്യേക മേഖലകൾ കേന്ദ്രീകരിച്ച് സ്പെഷ്യൽ ഡ്രൈവ് ഇൻസ്പെക്ഷനുകളും സംഘടിപ്പിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly